# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5536 — 04.07.2013 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് അന്തർദേശീയ തലത്തിലുള്ള തൊഴിൽ അവസരം ലഭിക്കുന്നുണ്ടോ; | (എ) | അന്തർദ്ദേശീയ തലത്തിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ലഭിക്കുന്നില്ല. |
| (ബി) | വിദേശ രാഷ്ട്രങ്ങളിലുള്ള തൊഴിൽ ദായകർക്ക് എംപ്ലോയ്മെന്റുകളിൽ രജിസ്റ്റർ ചെയ്തവരുടെ പേരും യോഗ്യതയും ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | വിദേശരാഷ്ട്രങ്ങളിലുള്ള തൊഴിൽദായകർക്ക് എംപ്ലോയ്മെന്റുകളിൽ രജിസ്റ്റർ ചെയ്തവരുടെ പേരും യോഗ്യതയും ലഭ്യമാക്കാൻ നിലവിൽ സംവിധാനം ഇല്ല. എന്നാൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ ആവിർഭാവത്തോടെ വിദേശ രാഷ്ട്രങ്ങളിൽ നിന്നും തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിന് അവസരം സൃഷ്ടിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ സംവിധാനത്തിലൂടെ വിദേശത്ത് ജോലി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നാളിതുവരെ വിദേശ രാഷ്ട്രങ്ങളിലെ തൊഴിലവസരങ്ങൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ